ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സപ്ലീസിന്റെ കാര്യവും കൊല്ലവും പരിഗണിക്കാതെ ഗവണ്മെന്റ് ഡ്യൂട്ടിയിൽവച്ച് മരണം സംഭവിച്ച കുടുംബം നിരാശ്രയമായിത്തീർന്നതിനെ കണക്കിലെടുത്ത ഇക്കാര്യത്തിൽ റിലീഫ് നൽകാൻ തയ്യാറുകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ടെമ്പററിയാണെങ്കിലും പെർമനെന്റാണെങ്കിലും ഒരു കൊല്ലത്തിൽ കൂടുതൽ സപ്ലീസുണ്ടെങ്കിൽ ഫാമിലി പെൻഷൻ കൊടുക്കുന്നതിനുള്ള വ്യവസ്ഥ പെയ്യ കഴിഞ്ഞിട്ടുണ്ട്. അതിനുള്ള റൂളുകളും ഉണ്ടാക്കിക്കഴിഞ്ഞിട്ടില്ല. അതു 1-4-64 മുതലെ നടപ്പിൽ വരികയുള്ള. അതിനു റിട്രോസ്പെക്ടീവു് ഇഫെക്ട് കൊടുക്കാൻ ഒക്കുകയില്ല. അതു കൊണ്ടു് ഇക്കാര്യത്തിൽ അതു് ആപ്ലിക്കബിളാക്കാൻ കഴിയുമോ എന്നു് പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ചില പ്രത്യേക കേസുകളിൽ എന്തെങ്കിലും ചെയ്യുന്നതിനു് ഗവണ്മെന്റിനു് അധികാരമില്ലെന്നാണോ മന്ത്രി പറയുന്നതു്?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അധികാരം ഇല്ലെന്നു പറഞ്ഞില്ല. നിയമപ്രകാരം ഇല്ലെന്നാണു പറഞ്ഞതു്. ഗവണ്മെന്റിനു് എക്സ്ഗ്രേഷ്യായായിട്ടു് കൊടുക്കാൻ കഴിയും. അതു വച്ചുകൊണ്ടാണു് ഈ കാര്യം പരിഗണിക്കാം എന്നു ഞാൻ പറഞ്ഞതു്.

WRITTEN ANSWERS

ഇലക്ട്രിസിറ്റി ഡ്യൂട്ടിയും, മീറ്റർ ഹയറും

* 912B. [3] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തു ശതമാനം ഇലക്ട്രിസിറ്റി ഡ്യൂട്ടി കൂടുതലായി പിരിക്കുന്നതു് കൂടാതെ മാസം ഒന്നുക്കു് ഒരു രൂപവീതം മീറ്റർ ഹയറും ഓരോ കൺസ്യൂമേർസിൽനിന്നും പിരിക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒരു മീറ്ററിന്റെ വില എത്രവരുമെന്നാണു് കണക്കാക്കിയിരിക്കുന്നതു് ;

(സി) ദയവായി മീറ്റർ ഹയർ പിരിവു് നിറുത്തി വയ്പ്പിക്കുവാൻ വേണ്ട നടപടികളും എടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇലക്ട്രിസിറ്റി ഡ്യൂട്ടി ഗവണ്മെന്റു് വസൂലാക്കുന്ന ഒരു നികുതിയാണു്. ഇലക്ട്രിസിറ്റി ബോർഡു് അതിന്റെ വരുമാനമായി മീറ്റർ ഹയർ ഇനത്തിൽ 50 നയാപൈസയും, സപ്ലീസു് ചാർജായി 50 നയാപൈസയും ഈടാക്കുന്നുണ്ടു്. ഫ്യൂസു് കോളിനു് ഒരു രൂപ ഈടാക്കിവന്നിരുന്നതിനു പകരമാണു് ഇവ ഈടാക്കി വരുന്നതു്.

(ബി) സിംഗിൾ ഫേസു് ഹൌസു് സപ്ലീസു് മീറ്ററിനു് 45 രൂപയും, ത്രീഫേസു് മീറ്ററിനു് 200 രൂപയുംവിലയുണ്ടു്.

(സി) ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനാണു് മീറ്റർ ഹയർ ഏർപ്പെടുത്തിയിട്ടുള്ളതു്. ഇതു് പിൻവലിക്കാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly